പാഠം - 6

# യേശുവിനെക്കുറിച്ച് അധികം സാക്ഷ്യങ്ങൾ

**ശബ്ബത്ത് സായാഹ്നം**

**പഠനത്തിനുള്ള വേദഭാഗങ്ങൾ:**

**യോഹ. 3:25–36; 1:32–36; ദാനീ. 7:18; യോഹ. 6:51–71; 5:36–38; 7:37–53.**

**മനഃപാഠവാക്യം:**

**"ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും" (യോഹ. 12:32).**

യേശു തന്നെക്കുറിച്ച് അതിശയിപ്പിക്കുന്ന കാര്യങ്ങൾ, അല്ലെങ്കിൽ താൻ ആരാകുന്നു, ആരാകുന്നു തന്നെ അയച്ചത്, അല്ലെങ്കിൽ താൻ എവിടെ നിന്നാണ് വന്നത് എന്നൊക്കെ പറയുക മാത്രമല്ല ചെയ്തത്. താൻ പ്രവർത്തിച്ച അതിശയ പ്രവൃത്തികളിലൂടെയും അടയാളങ്ങളിലൂടെയും കാണിച്ചുകൊടുക്കുകയും കൂടി ചെയ്തു. യേശുവിനെ കുറിച്ച് ഒരുവൻ പരസ്യമായി സാക്ഷ്യപ്പെടുത്തുന്നത്. ക്രിസ്തു വരുമ്പോൾ, ഈ മനുഷ്യൻ പ്രവർത്തിച്ച ഈ അടയാളങ്ങളേക്കാൾ അധികം അവൻ ചെയ്യും" (യോഹ. 7:31 NKJV) എന്നാണ്. യേശു തന്റെ വാക്കുകളുടെ സത്യം തെളിയിക്കുന്ന പ്രവൃത്തികളെകൊണ്ട് അവയെ ശക്തിപ്പെടുത്തി.

നാടകം തുടരുമ്പോൾ, പക്ഷേ ഒരു വിഘടനം ആളുകൾക്കിടയിൽ സംഭവിക്കുന്നു. ബേത്സയിദ കുളക്കരയിലെ മനുഷ്യന്റെ സൗഖ്യം ചില നേതാക്കളുടെ രോഷത്തെ ക്ഷണിച്ചു വരുത്തി. 5000 പേർക്കു ഭക്ഷണം നൽകപ്പെട്ടതിനെ തുടർന്നു കഫർന്നഹൂമിൽ ഉണ്ടായ സംവാദം ജനക്കൂട്ടങ്ങൾ യേശുവിനെ വിട്ടുപോകുന്നതിൽ കലാശിച്ചു. ലാസ്സറിന്റെ ഉയർപ്പ് ചിലരിൽ വിശ്വാസം ഉളവാക്കിയെങ്കിൽ മറ്റു ചിലരിൽ യേശുവിന്റെ വിചാരണയിലേക്കും ക്രൂശീകരണത്തിലേക്കും നയിച്ച ശത്രുതയ്ക്കു കാഞ്ചി വലിച്ചു.

യേശുവിനെ കാണുകയും അറിയുകയും തന്നെക്കുറിച്ചു സാക്ഷ്യം പറയുകയും ചെയ്ത ചിലരെക്കുറിച്ചാണ് ഈ ആഴ്ചയിലെ പാഠം. ഈ ഓരോ സംഭവത്തിലും യേശു ആരാകുന്നു എന്നതിന്റെ ചില വസ്തുതകൾ വെളിപ്പെട്ടുവരുന്നു. അവയെല്ലാം കൂടി യേശു മശീഹയെ സംബന്ധിക്കുന്ന ആഴമേറിയ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുന്നു.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 9 ലെ ശബ്ബത്തിനായി ഒരുങ്ങുക

# ആത്മാവിലെ താഴ്മ: യോഹന്നാൻ സ്നാപകൻ വീണ്ടും സാക്ഷ്യപ്പെടുത്തുന്നു

യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം അന്ത്രെയൊസ്, യോഹന്നാൻ പത്രൊസ്, ഫിലിപ്പോസ്, നഥാനയേൽ എന്നീ ആദ്യ ശിഷ്യന്മാരെ യേശുവിന്റെയടുക്കൽ എങ്ങനെ എത്തിച്ചുവെന്ന് പാഠം 2 വിവരിച്ചു. യോഹന്നാൻ സ്നാപകൻ തന്റെ സാക്ഷ്യം നിർവ്വഹിച്ചുകൊണ്ട് രംഗം വിട്ടു എന്ന് ഒരുവൻ പ്രതീക്ഷിച്ചേക്കാം. എന്നാൽ അവൻ യോഹന്നാന്റെ സുവിശേഷത്തിൽ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നു.

**യോഹന്നാൻ 3:25–36 വായിക്കുക. യേശുവുമായി യോഹന്നാൻ സ്നാപകൻ എങ്ങനെയാണ് സ്വയം താരതമ്യം ചെയ്യുന്നത്.**

യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരും പേർ പറയപ്പെടാത്ത ഒരു യെഹൂദനും തമ്മിൽ ശുദ്ധീകരണം സംബന്ധിച്ച് ഒരു തർക്കം ഉളവായി. അത് സ്നാനത്തിന്റെ യഥാസ്ഥിതി/ഗുണമേന്മ സംബന്ധിച്ചായിരുന്നു (മർക്കൊ. 1:4,5 താരതമ്യം ചെയ്യുക). താല്പര്യകരമായി, യോഹന്നാന്റെ ശിഷ്യന്മാർ അവന്റെയടുക്കൽ വന്നു പ്രശ്നപരിഹാരം തേടുന്നു. അതിനായി അവർ യേശുവിന്റെ വിഷയം കൊണ്ടു വന്നു പറഞ്ഞു, “നീ സാക്ഷീകരിച്ചിട്ടുള്ളവൻ... ഇതാ സ്നാനം കഴിപ്പിക്കുന്നു, എല്ലാവരും അവന്റെ (യേശു) അടുക്കൽ ചെല്ലുന്നു” (യോഹ. 3:26). വരികളുടെ ഇടയിലൂടെ വായിക്കുവാൻ വിഷമമില്ല: അവർക്ക് യേശുവിനെ കുറിച്ച് അസൂയ തോന്നി. തങ്ങളുടെ ഗുരുവിനോടും തങ്ങളോടു തന്നെയും അവർക്കു മതിപ്പു തോന്നിയിരിക്കാം.

അസൂയയിൽ/സ്വയം പുകഴ്ചയിൽ മുഴുകുവാൻ യോഹന്നാന് വളരെ സാധ്യമായിരുന്നു. പക്ഷേ അങ്ങനെ ഉണ്ടായില്ല. തന്റെ നിയോഗം/ദൗത്യം എന്താണെന്നു യോഹന്നാന് അറിയാമായിരുന്നു എന്നതാണ് കാരണം. നേരെമറിച്ചു താൻ ക്രിസ്തു ആണെന്ന് ഒരിക്കലും അവകാശപ്പെടുന്നില്ലെന്നു യോഹന്നാൻ തന്റെ ശിഷ്യന്മാരെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അതിനു വിപരീതമായി, ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുവാൻ, ക്രിസ്തുവിനു വഴി നിരത്തുവാൻ, ക്രിസ്തുവിന് ഒരു സാക്ഷി ആകുവാനാണ് യോഹന്നാൻ വന്നത് (യോഹ. 1:6–8).

ഒരു കല്യാണത്തിന്റെ ദൃഷ്ടാന്തം ഉപയോഗിച്ച് യേശുവിനെ ***മണവാളനായി*** ചിത്രീകരിച്ചുകൊണ്ട് താൻ മണവാളന്റെ ***തോഴൻ/സ്നേഹിതൻ*** എന്ന് അവൻ തന്നെത്തന്നെ വിശേഷിപ്പിക്കുന്നു. ദൈവജനമാണ് മണവാട്ടി (ഹോശേയ 2:16–23; യെശ 62:1–5 താരതമ്യം ചെയ്യുക). യോഹന്നാൻ പിന്നെയും തന്റെ മഹിമ പ്രകടമാക്കുന്ന വാക്കുകളിലൂടെ പറയുന്നു, “അവൻ (ക്രിസ്തു) വളരേണം, ഞാൻ കുറയേണം” (യോഹ. 3:30).

യേശുവിന്റെയും യോഹന്നാന്റെയും താരതമ്യം 31–36 വാക്യങ്ങളിൽ പിന്നെയും തുടരുന്നു. മശീഹയ്ക്കു തന്റെ മുന്നോടിക്കു മീതെയുള്ള ശ്രേഷ്ഠതയാണ് ഇവിടെ എടുത്തുകാണിക്കപ്പെടുന്നത്. യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള യോഹന്നാന്റെ സാക്ഷ്യത്തോടെ സാക്ഷി എന്ന ആശയം വീണ്ടും ബലപ്പെടുന്നു. ആ സാക്ഷ്യം സ്വീകരിച്ച് യേശുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകും. യേശുവിനെ സ്വീകരിക്കാത്തവർ പിന്നെയും ദൈവകോപത്തിൻ കീഴിൽ തുടരും. അതാണ് വാക്യങ്ങൾ പറയുന്നത്. ദൈവം ലോകത്തെ സ്നേഹിച്ച് അവരെ രക്ഷിക്കുവാൻ തന്റെ പുത്രനെ അയച്ചു (യോഹ. 3:16,17). തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട ദൈവദാനത്തെ ഉപേക്ഷിക്കുന്നവർ അവരുടെ പാപങ്ങൾക്കു വലിയ വില - നിത്യമരണം നൽകേണ്ടി വരും.

**ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ താഴ്മയുടെ പാഠം നമുക്ക് എങ്ങനെ പഠിക്കാൻ കഴിയും? യോഹന്നാന്റെ മാതൃകയിൽ നിന്നു നാം എന്തു പഠിക്കുന്നു?**

## മശീഹയെ സംബന്ധിക്കുന്ന ഒരു പുതിയ കാഴ്ചപ്പാട്

**യോഹന്നാൻ 1:32-36 വായിക്കുക. ദീർഘകാലം കാത്തിരുന്ന മശീഹയെ സംബന്ധിച്ചു മനുഷ്യർ പ്രതീക്ഷിക്കാതിരുന്ന എന്തു കാര്യങ്ങളാണ് ഇവിടെ യോഹന്നാൻ സ്നാപ കൻ പറയുന്നത്?**

റോമർ ഭരണത്തിൽനിന്നു മോചിപ്പിക്കുന്ന ഒരു മശീഹയുടെ വരവിനായി യെഹൂദർ കാത്തിരുന്നു. അടിച്ചമർത്തി ഭരണം ദർഘകാലം നീണ്ടുപോയി. മശീഹ റോമൻ സമ്മർദ്ദ ഭരണത്തെ തകിടം മറിച്ചു, അവരെ വലുതും ശക്തവുമായ ഒരു രാഷ്ട്രമാക്കി മാറ്റും എന്നാണ് യെഹൂദർ പ്രതീക്ഷിച്ചിരുന്നത്. യോഹന്നാന്റെ വാക്കുകൾ പക്ഷേ യേശുവിനെ “ദൈവത്തിന്റെ കുഞ്ഞാട്” എന്നാണ് വിളിച്ചത്. ഇത് യേശുവിന്റെ പ്രായശ്ചിത്ത യാഗത്തെയാണ് സൂചിപ്പി ക്കുന്നത്. ഒരുപക്ഷേ അധികം ആളുകളും ഇതിനെ തെറ്റിദ്ധരിച്ചു. യോഹന്നാൻ എന്താണ് പറയുന്നതെന്ന് അവർ പക്ഷേ അറിഞ്ഞിട്ടുണ്ടാകില്ല.

യോഹന്നാൻ അങ്ങനെ തന്റെ സുവിശേഷത്തിലൂടെ അവരുടെ മശീഹയെക്കുറിച്ചുള്ള ധാരണ മാറ്റിയെടുക്കുവാനാണ് ആഗ്രഹിച്ചത്. വരുവാനിരിക്കുന്ന രാജാവിനെക്കുറിച്ചും ആ രാജാവ് എന്തു ചെയ്യുമെന്നുള്ള പ്രവചനങ്ങൾ യേശുവിൽ എങ്ങനെ നിറവേറ്റപ്പെടുമെന്ന് അവർ തിരിച്ചറിയണമെന്നു യോഹന്നാൻ ആഗ്രഹിച്ചു. ഒരു രാഷ്ട്രീയ-സൈനിക നായക നായല്ല, ലോകത്തിന്റെ പാപങ്ങൾക്ക് ഒരു പരിഹാരയാഗമായാണ് മശീഹ വന്നത്. അതായി രുന്നു മശീഹയുടെ വരവിന്റെ ഉദ്ദേശ്യം. എല്ലാം അവസാനിച്ചശേഷം മാത്രമാണ് അന്തിമ രാജ്യം വന്നുചേരുക (ദാനീ. 7:18 കാണുക).

യേശുവിന്റെ സ്നാനസമയത്ത് യോഹന്നാൻ യേശുവിനെ ‘ദൈവത്തിന്റെ കുഞ്ഞാട്’ എന്നു ചൂണ്ടിക്കാണിച്ചപ്പോൾ, മശീഹയുടെ പ്രവർത്തനങ്ങളിന്മേൽ ഒരു പുതിയ വെളിച്ചം തെളിഞ്ഞു. പ്രവാചകന്റെ മനസ്സ് യെശയ്യാവിന്റെ വാക്കുകളിലേക്കാണ് നയിക്കപ്പെട്ടത്: “കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ...” അവൻ കൊണ്ടുപോകപ്പെട്ടു (യെശ. 53:7). The Desire of Ages, p. 136.

യോഹന്നാൻ പറയുന്നു, “ഞാനോ അവനെ അറിഞ്ഞില്ല” (1:31). അപ്പോൾ, യേശു മശീഹ ആണെന്നു യോഹന്നാൻ എങ്ങനെയാണ് അറിഞ്ഞത്? അതിന്റെ ഉത്തരം ഇങ്ങനെയാണ്. “ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുന്നുവോ അവൻ പരിശു ദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു” എന്നു തന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രനെന്നു സാക്ഷ്യം പറ കയും ചെയ്തിരിക്കുന്നു (യോഹ. 1:33,34). അതായത്, യേശുമശീഹ ആണെന്നു ദൈവം യോഹന്നാനു വെളിപ്പെടുത്തിയിരുന്നു.

ക്രിസ്തു “ദൈവശക്തിയും ദൈവജ്ഞാനവും” (1 കൊരി. 1:24) ആകുന്നു. യേശു, ക്രിസ്തു ആകുന്നു എന്ന അറിവു തന്നെ പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ ദൈവം തന്നെയാണ് നൽകുന്നത്. ഈ ചിന്താവിഷയം യോഹന്നാന്റെ സുവിശേഷത്തിൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്നു. ലോകതത്വചിന്തയിൽ നിന്നോ, ശാസ്ത്രത്തിൽ നിന്നോ, ഉന്നതപഠന ത്തിൽ നിന്നോ അല്ല രക്ഷ ഉളവാകുന്നത്. യേശുവിലുള്ള വിശ്വാസത്തിലും അനുസരണ ത്തിലും സമർപ്പിക്കപ്പെട്ട ഒരു ഹൃദയത്തിലേക്കു മാത്രമാണ് ഈ അറിവ് വരുന്നത്.

**യേശു നമ്മുടെ പാപപരിഹാരയാഗം ആണെന്നുള്ള സത്യം നമുക്കു വെളിപ്പെട്ടില്ലെ ങ്കിൽ പിന്നെ നമ്മൾ എങ്ങനെയാണ് അറിയുക? ബൈബിളും യേശുവിനെ സംബന്ധിച്ച അതിന്റെ ഉപദേശങ്ങളും പിന്നെ നമുക്ക് എങ്ങനെയാണ് നിർണ്ണായകം ആയിത്തീരുക?**

# അംഗീകരണവും നിരസിക്കലും

5000 പേർക്കു ഭക്ഷണം നൽകിയത് പാഠം 2 ൽ വിവരിക്കപ്പെട്ടു. എന്നാൽ അതിന്റെ അവസാനഭാഗം അവിടെ പരാമർശിക്കപ്പെട്ടില്ല; അത് ഇവിടെ പഠിക്കുന്നു.

**യോഹന്നാൻ 6:51–71 വായിക്കുക. യേശു പറഞ്ഞ എന്തു കാര്യമാണ് ജനങ്ങൾക്കു സ്വീകരിക്കാൻ കഴിയാതെ കുഴപ്പം സൃഷ്ടിച്ചത്?**

യേശുവിന്റെ അത്ഭുത പ്രവൃത്തിയിലൂടെ അതിശയകരമായി ഭക്ഷിച്ചു തൃപ്തരായ ജനങ്ങൾ യേശുവിനു കീരിടം അണിയിക്കുവാൻ ഒരുക്കമായി (യോഹ. 6:1–15). എന്നാൽ പിന്നീട് കഫർന്നഹൂമിൽ പള്ളിയിൽവെച്ച് ആ അതിശയ പ്രവൃത്തിയുടെ ആത്മീക അർത്ഥം വിവരിക്കുകയുണ്ടായി. "ഞാൻ ജീവന്റെ അപ്പമാകുന്നു" (6:35). ഈ നൽകപ്പെട്ട അപ്പം തന്റെ ശരീരം ആകുന്നു എന്നും ലോകത്തിന്റെ ജീവനു വേണ്ടിയാണ് അതു നൽകുന്നത് എന്നുകൂടി യേശു വ്യക്തമാക്കി (വാ. 51).

യേശു, അവർ ആഗ്രഹിച്ചതുപോലെ തങ്ങളുടെ ഭൗമിക രാജാവ് ആകുകയില്ല എന്ന വസ്തുത അവരുടെ കണ്ണുകളെ തുറന്നു. യേശു അവർ ഉണ്ടാക്കിയ ഭൗമിക ചിന്തകളുടെ അച്ചിനു/മൂശക്കു യോജിച്ചു വന്നില്ല. മാനസാന്തരം അവർ നിരസിച്ചു. അല്ലായിരുന്നെങ്കിൽ അവരുടെ ചിന്താഗതിക്കു മാറ്റം വരുമായിരുന്നു. അങ്ങനെയെങ്കിൽ അവർക്കു യേശുവിനെ തിരിച്ചറിയാനും മശീഹയായി അംഗീകരിക്കാനും കഴിഞ്ഞേനെ. പല ശിഷ്യന്മാരും ഇത്തരുണത്തിൽ യേശുവിനെ വിട്ടുപോയി (വാ. 66).

മാനുഷിക നിലയിൽ ഇതു യേശുവിനു വളരെ കഠിനമായ അനുഭവം ആയിരുന്നു. ജനക്കൂട്ടത്തിന്റെ സ്വീകരണം ഹൃദ്യമാണ്. ഇഷ്ടപ്പെടുവാൻ ആഗ്രഹിക്കാത്തത് ആരാണ്? പക്ഷേ അധികം മനുഷ്യരും പിന്തിരിഞ്ഞു പോകുന്നതും ഒരുവന്റെ തത്വങ്ങളെ ചോദ്യം ചെയ്യുന്നതും സ്വാഭാവികമായി നിരാശപ്പെടുത്തുന്നതും കൂടിയാണ്. ജനക്കൂട്ടം വിട്ടുപോകുന്നതുകണ്ട് യേശു തന്റെ ആന്തരവലയത്തിൽപെട്ട പന്ത്രണ്ടു പേരോടായി ചോദിച്ചു, 'നിങ്ങൾക്കും പോകേണമോ?' (വാ. 67).

ഈ സന്ദർഭത്തിലാണ് പത്രൊസ് വിസ്മയകരമായ ആ ഏറ്റുപറച്ചിൽ നടത്തിയത്, 'യേശുവിന് എന്താണുള്ളത്, യേശു ആരാകുന്നു' എന്നീ കാര്യങ്ങൾക്ക് അത് മറ്റൊരു സാക്ഷ്യം ആണ്. പത്രൊസ് പറഞ്ഞു, 'നിത്യജീവന്റെ വചനം നിന്റെ പക്കലുണ്ട്; നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു" (വാ. 68,69).

യേശുവിന്റെ ശിഷ്യന്മാർ പല വർഷങ്ങളായി യേശുവിനോടൊത്തു സഞ്ചരിക്കുകയും അതിശയപ്രവൃത്തികളെ കാണുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. യേശുവുമായി താരമ്യം ചെയ്യുവാൻ വേറൊരാളും ഇല്ലായിരുന്നെന്ന് അവർ അനുഭവത്തിൽ അറിഞ്ഞിരുന്നു. ചില സാഹചര്യങ്ങൾ എത്ര അസാധാരണം ആയിരുന്നാലും യേശുവിന്റെ വരവിന്റെ ഉദ്ദേശ്യം അവർ എത്രമാത്രം തെറ്റിദ്ധരിച്ചിരുന്നെങ്കിലും ഈ മനുഷ്യൻ സാക്ഷാൽ മശീഹ ആണെന്ന ഒരു നിശ്ചയം അവർക്ക് ഉള്ളിലുണ്ടായി. യേശുവിന്റെ മരണത്തിനും ഉയർപ്പിനും ശേഷം മാത്രമാണ് യേശു എന്തിനു വേണ്ടിയാണ് വന്നതെന്ന് അവർ മനസ്സിലാക്കാൻ തുടങ്ങിയത്.

**ഭൂരിപക്ഷം പലപ്പോഴും തെറ്റാകാമെന്ന വസ്തുത ഈ കഥയിൽനിന്നു നാം എങ്ങനെ മനസ്സിലാക്കും? ഇതു നമ്മൾ എന്തുകൊണ്ട് ഓർമ്മിക്കണം? നമ്മുടെ വിശ്വാസം ക്രിസ്ത്യാനികൾപോലും അംഗീകരിക്കാത്തപ്പോൾ പ്രത്യേകിച്ചും.**

# പിതാവിന്റെ സാക്ഷ്യം

ദൈവത്തോടു കൂടെ ആയിരിക്കുന്ന വചനത്തെ (logos) കുറിച്ചു സംസാരിച്ചു കൊണ്ടാണ് യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത്; അതായത് വചനം പിതാവിനോടുകൂടെ ആയിരുന്നു (യോഹ. 1:1). വചനം ജഡം ആയിത്തീർന്നപ്പോൾ, യേശുവിന്റെ സ്നാനസമയത്ത് യേശുവിൽ വന്നു വസിച്ചുകൊണ്ട് ആത്മാവ് യേശുവിനെ കുറിച്ചു സാക്ഷ്യം പറഞ്ഞു (യോഹ. 1:32–34). എന്നാൽ യേശുവിന്റെ ഭൗമിക ശുശ്രൂഷ കാലത്ത് പിതാവ് തന്നെയും യേശുവിനെ സാക്ഷ്യപ്പെടുത്തി.

**യോഹന്നാൻ 5:36–38 വായിക്കുക. പിതാവിനെക്കുറിച്ചു യേശു ഇവിടെ എന്താണ് പറയുന്നത്?**

യേശു പിതാവിനെ തന്റെ പ്രവൃത്തികളും അതിശയങ്ങളും ഒക്കെയായി ബന്ധിപ്പിക്കുന്നു. പിതാവ് തന്നെ അയച്ചു എന്നും പിതാവ് തന്നെക്കുറിച്ചു സാക്ഷ്യം പറയുന്നു എന്നും യേശു വ്യക്തമായി പറയുന്നു.

**മത്തായി 3:17; 17:5; മർക്കൊസ് 1:11; ലൂക്കൊസ് 3:22 (2 പത്രൊസ് 1:17,18) എന്നിവ യേശുവിനെ കുറിച്ച് എന്താണ് പറയുന്നത്?**

യേശുവിന്റെ സ്നാനസമയത്ത് ഈ അതിപ്രധാന സന്ദർഭത്തെ അടയാളപ്പെടുത്തിക്കൊണ്ട് പിതാവും പരിശുദ്ധാത്മാവും യേശുവിനോടൊപ്പം ചേരുന്നു. അത് യേശുവിന്റെ ശുശ്രൂഷയുടെ തുടക്കം ആയിരുന്നു. യേശു തന്റെ പ്രിയപുത്രൻ ആണെന്നും പുത്രനിൽ താൻ പ്രസാദിച്ചിരിക്കുന്നു എന്നും പിതാവ് അരുളിച്ചെയ്യുന്നു. എന്നാൽ ഒരു നിർണ്ണായക വേളയിൽ പിതാവ് പിന്നെയും സംസാരിക്കുന്നു, അത് യോഹന്നാൻ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആ ശുശ്രൂഷയുടെ അന്ത്യനാളുകളിൽ കാര്യങ്ങൾ അതിന്റെ സമാപ്തിയിൽ എത്തുകയായിരുന്നു. മതനേതാക്കൾ യേശുവിനെ തടയുവാൻ കഴിയാത്ത (യോഹ. 12:19). യേശുവിനെ കൊല്ലുവാൻ എന്നത്തേക്കാളും അധികം ആഗ്രഹിച്ചു. യേശുവിനൊപ്പം ജനക്കൂട്ടം പെരുകിവന്നു; ലാസ്സറിനെ ഉയർപ്പിച്ച സംഭവം (യോഹ. 12:17,18) ജനം പറഞ്ഞുകേട്ടപ്പോൾ അതു പിന്നെയും അധികരിച്ചു; അധികംപേർ വിശ്വസിച്ചു. വർദ്ധിച്ച ജനക്കൂട്ടം യേശുവിനെ പിന്തുടരുവാൻ തുടങ്ങി. ഉത്സവത്തിന് അവിടെ എത്തിയിരുന്ന യവനർപോലും യേശുവിനെ കാണുവാൻ ആഗ്രഹിച്ചു.

ഈ ഘട്ടത്തിൽ, യേശുവിന്റെ വാക്കുകൾക്ക് പ്രതികരണമായി (യോഹ. 12:28), "പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ" എന്നു പ്രാർത്ഥിച്ചപ്പോൾ പിതാവ് പിന്നെയും സ്വർഗ്ഗത്തിൽ നിന്നു സംസാരിച്ചു, "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു ഇനിയും മഹത്വപ്പെടുത്തും."

നാം ഇതിനോടകം കണ്ടതുപോലെ യേശുവിന്റെ മഹത്വീകരണ നാഴിക ക്രൂശീകരണം ആകുന്നു. അങ്ങനെ യേശുവിനെ കുറിച്ചുള്ള പിതാവിന്റെ സാക്ഷ്യം ലോകത്തിന്റെ പാപത്തിനായുള്ള ദൈവകുഞ്ഞാടിന്റെ മഹത്തായ യാഗത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. അതാകുന്നു യേശുവിന്റെ ഭൗമിക ശുശ്രൂഷയുടെ സമാപ്തി. യേശുവിന്റെ നമുക്കായുള്ള മരണം നമ്മുടെ മുഴുവൻ പാപങ്ങൾക്കുമുള്ള പ്രായശ്ചിത്തം നൽകി. അങ്ങനെ യേശുവിൽ, വിശ്വാസത്താൽ ആ പ്രായശ്ചിത്തം ഒരിക്കലും നമുക്കു തന്നേ നേരിടേണ്ടി വരികയില്ല.

## ജനക്കൂട്ടത്തിന്റെ സാക്ഷ്യം

“ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു” (യോഹ. 7:37,38).

**കൂടാര പെരുന്നാളിൽ സംബന്ധിച്ച യെഹൂദന്മാരോടു യേശു സംസാരിച്ചപ്പോൾ, ആൾക്കൂട്ടത്തിലെ പലരുടെയും പ്രതികരണം എന്തായിരുന്നു? (യോഹ. 7:37–53).**

മോശെ ഏറെക്കാലം മുമ്പ് പ്രവചിച്ച ആ പ്രവാചകൻ (ആവ. 18:15–19) ആണ് യേശു എന്നു ചിലർ പറഞ്ഞു. യേശു തന്നെയാണ് ക്രിസ്തു എന്നു മറ്റുള്ളവർ ചിന്തിച്ചു. മശീഹ ഗലീലയിൽനിന്നു വരുവാൻ സാധ്യതയില്ല, ദാവീദിന്റെ വംശത്തിൽ/പാരമ്പര്യത്തിലാണ് വരേണ്ടിയിരുന്നത് എന്ന് ഒരു തർക്കത്തിനും ഇത് ഇടയാക്കി. ബേത്‌ലഹേമിലായിരുന്നു രാജാവ്/മശീഹ പിറക്കേണ്ടിയിരുന്നതും. യേശുവിൽ പക്ഷേ ഇതെല്ലാം നിറവേറി. പലർക്കും അതു ഗ്രഹിക്കാൻ കഴിഞ്ഞില്ല (മത്തായി 1–2).

യേശുവും തന്റെ വാക്കുകളുടെ വാചാലതവും ചേർന്നു തന്നെ അറസ്റ്റു ചെയ്യാൻ വന്ന ഓഫീസർമാരെ പോലും സ്തബ്ധരാക്കി. പരീശന്മാർ ആകട്ടെ ആ ഓഫീസർമാരോട് മറ്റൊരു ചോദ്യം ചോദിച്ചു: “പ്രമാണികളിൽ ആകട്ടെ, പരീശന്മാരിൽ ആകട്ടെ, ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?” (യോഹ. 7:48). ഈ ചോദ്യം നിക്കോദെമൊസിനെ രംഗത്തു കൊണ്ടുവരുവാൻ യോഹന്നാനു മറ്റൊരു അവസരം നൽകി. ഈ നിക്കോദെമൊസ് യേശുവുമായുള്ള ആദ്യകൂടിക്കാഴ്ചയെ തുടർന്നു യേശുവിനെ പരീശന്മാരുടെ ഗൂഢതന്ത്രങ്ങളിൽനിന്നു രക്ഷിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. “നിക്കോദെമൊസ് അവരോടു ചോദിച്ചു”, ഒരു മനുഷ്യന്റെ വായ്മൊഴി ആദ്യം കേട്ട് അവൻ ചെയ്യുന്നത് ഇന്നത് എന്ന് അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ?” (7:51).

നിക്കോദെമൊസ് എപ്പോഴെങ്കിലും യേശുവിനെ മശീഹയായി അംഗീകരിച്ചിരുന്നോ? ഈ രംഗം അതിനു തെളിവു നൽകുന്നില്ല. എന്നാൽ ഈ നടപടിയും യേശുവിന്റെ മരണശേഷം അവൻ ചെയ്തതും (യോഹ. 19:39,40) ചേർത്തു വായിക്കുമ്പോൾ നിക്കോദെമൊസ് വാസ്തവമായി യേശുവിൽ വിശ്വസിച്ചിരുന്നു എന്നതിനു ബൈബിൾ ഉറപ്പുള്ള തെളിവുകളാണു നൽകുന്നത്.

അതുകൊണ്ട്, അവരുടെ ചോദ്യത്തിനു–പരീശന്മാരിൽ ആരെങ്കിലും അവനിൽ വിശ്വസിച്ചോ?– ശക്തമായ ‘അതെ’ എന്ന ഉത്തരം ആണുള്ളത്; അതായത് ‘ഒരു പരീശൻ യേശുവിൽ വിശ്വസിച്ചു.’

**യോഹന്നാൻ 7:49 വായിക്കുക. യേശുവിനെ അനുഗമിച്ച ജനക്കൂട്ടങ്ങളെ കണ്ടതിൽ അവരുടെ വിസ്മയം/അങ്കലാപ്പ് വെളിപ്പെടുത്തുന്ന എന്തു കാര്യമാണ് പ്രമാണിമാർ പറഞ്ഞത്? ഇവിടെ എന്തു പാഠമാണ് നമുക്കുള്ളത്?**

## കൂടുതൽ പഠനത്തിന്

വായിക്കുക: The crisis in Galilee" pp. 383-394; "In the Outer Court", pp. 621-626 in The Desire of Ages.

"ഞങ്ങൾ ആരുടെ അടുക്കൽ പോകും?" യിസ്രായേലിന്റെ ഉപദേഷ്ടാക്കന്മാർ ഔപചാരികതയ്ക്ക് (formalism) അടിമകളായിരുന്നു. പരീശന്മാരും സദൂക്യരും നിരന്തരം തർക്കത്തിലായിരുന്നു. യേശുവിനെ വെറുതെ വിടുക എന്നത് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന ദുശ്ശാഠ്യക്കാരുടെ/വഴക്കാളികളുടെ ഇടയിൽ പെട്ടുപോകുക എന്നതായിരുന്നു, അഭിലാഷപൂരണം ആഗ്രഹിച്ചിരുന്നവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ശിഷ്യന്മാർ ക്രിസ്തുവിനെ സ്വീകരിച്ചതുമുതൽ അവർക്കു മുൻകാലങ്ങളിലേക്കാൾ അധികം സമാധാനവും സന്തോഷവും അവർ കണ്ടെത്തിയിരുന്നു. പാപികളുടെ സ്നേഹിതൻ ആയവനെ ശകാരിക്കുകയും പീഡിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നവരുടെ ഇടയിലേക്കു ശിഷ്യന്മാർക്ക് എങ്ങനെ തിരിച്ചുപോകാൻ കഴിയുമായിരുന്നു? മിശിഹായ്ക്കുവേണ്ടി ദീർഘകാലം അവർ കാത്തിരുന്നു; ഇപ്പോഴാകട്ടെ അവിടുന്നു വന്നു, അവർ ആ സന്നിധി വിട്ട് ഒരിക്കൽ അവരുടെ ജീവിതങ്ങളെ വേട്ടയാടിക്കൊണ്ടിരുന്നവരുടെ അടുക്കലേക്കു തിരിഞ്ഞുപോകുവാൻ കഴിയുമായിരുന്നില്ല. യേശുവിന്റെ അനുഗാമികൾ ആയതിന് അവർ അവരെ പീഡിപ്പിച്ചുകൊണ്ടിരുന്നു.

'ഞങ്ങൾ ആരുടെ അടുക്കൽ പോകും?' ക്രിസ്തുവിന്റെ ഉപദേശങ്ങളും അവിടുത്തെ സ്നേഹത്തിന്റെയും കരുണയുടെയും പാഠങ്ങളും വിട്ട്, അവിശ്വാസത്തിന്റെ ഇരുട്ടിലേക്കും ലോകത്തിന്റെ ദുഷ്ടതയിലേക്കും പോകുവാൻ അവർക്ക് കഴിയുമായിരുന്നില്ല. തന്റെ അത്ഭുതപ്രവൃത്തികളെ കണ്ട അനേകർ രക്ഷകനെ തള്ളിക്കളഞ്ഞ സന്ദർഭത്തിൽ പോലും പത്രൊസ് ശിഷ്യന്മാരുടെ വിശ്വാസത്തെ പ്രകടമാക്കിയിരുന്നു– 'ആ ക്രിസ്തു അങ്ങാകുന്നു.' അവരുടെ ആത്മാവിന്റെ നങ്കൂരം നഷ്ടമാകുക എന്ന ചിന്തപോലും അവരിൽ ഭയവും വേദനയും നിറച്ചു. ഒരു രക്ഷകനെ ഉപേക്ഷിച്ചു പോകുക എന്നത് ഇരുട്ടും കൊടുങ്കാറ്റുമുള്ള ഒരു സമുദ്രത്തിൽ വേർപെട്ടുപോകുന്നതുപോലെയാണ്.

## ചർച്ചകൾ

1. **യേശു മശീഹ ആണെന്നതിനും ക്രിസ്തീയ സത്യത്തിനും മതിയായ തെളിവുകൾ ലഭിച്ച ശേഷവും ചിലർ സന്തോഷത്തോടെ സ്വീകരിക്കുന്നെങ്കിലും മറ്റുള്ളവർ നിരസിക്കുന്നത് എന്തുകൊണ്ടാണ്?**
2. **യേശുക്രിസ്തു നമുക്കുവേണ്ടി, നമ്മുടെ പാപങ്ങൾക്കായി മരിച്ചു എന്നതിനെക്കാൾ വലിയ സത്യം എന്താണ്? നാം അറിയേണ്ട ഏറ്റവും സുപ്രധാനമായ സത്യം അതാണ്. അറിവിന്റെ മറ്റു വഴികൾക്ക് ഒന്നും തന്നെ നാം അനുപേക്ഷണീയമായി അറിയേണ്ട നിർണ്ണായക സത്യം പഠിപ്പിക്കാൻ കഴിയാതിരിക്കെ ബൈബിളിനെ വിശ്വാസത്തിന്റെ അന്തിമവാക്കും പരമകാഷ്ഠയുമായി കരുതേണ്ടത് എത്രമാത്രമാണ്?**
3. **ഒരുവന്റെ/ഒരുവളുടെ ജീവിതത്തിൽ ദൈവം ചെയ്ത അതിശയകാര്യങ്ങളെ വീണ്ടും കണക്കുകൂട്ടുന്നത് എന്തുകൊണ്ടു പ്രധാനമാണ്?**